LIBRARY ARCHIVES Kerala Legislative Assembly

വികലാംഗക്ഷേമ പെൻഷൻ

61 [515] **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പേർക്കാണ് വികലാംഗക്ഷേമ പെൻഷൻ ആനുകൂല്യം ലഭിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) വികലാംഗക്ഷേമ പെൻഷൻ ആനുകൂല്യം ലഭിക്കുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) വികലാംഗക്ഷേമ പെൻഷൻ ആനുകൂല്യം വർദ്ധിപ്പിച്ചു നൽകുന്നതി നാവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) വികലാംഗക്ഷേമ പെൻഷൻ വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശിക നിലവിലുണ്ട്;

(ഇ) നിലവിലുള്ള മുഴുവൻ കുടിശ്ശികയും വിതരണം നടത്തുവാനും തുടർന്ന് കുടിശ്ശികയില്ലാതെ വിതരണം നടത്തുവാനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

താൽക്കാലിക വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

62 [516] **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ഉദ്യോഗങ്ങളിൽ താൽക്കാലിക സേവനം അനുഷ്ഠിച്ചിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) താൽക്കാലിക സേവനം അനുഷ്ഠിച്ച വികലാംഗ ജീവനക്കാരെ സ്ഥിര പ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതു കാലയളവു മുതൽ ഏതു കാലയളവുവരെയുള്ള വർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കു കയെന്നു വ്യക്തമാക്കുമോ;

(സി) താൽക്കാലിക സേവനം അനുഷ്ഠിച്ച എത്ര വികലാംഗർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ തുടർന്നുവരുന്നു.

(സി) ഇതുവരെ ലഭ്യമായ കണക്കനുസരിച്ച് 536 പേർക്ക് ആനുകൂല്യം ലഭിക്കാൻ സാദ്ധ്യതയുണ്ട്.

വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

63 [517] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിൽ വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച പ്രഖ്യാപനം നടപ്പിൽ വരുത്തുവാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇതു സംബന്ധിച്ച ഉത്തരവു പുറപ്പെടുവിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഏതു തീയതിവരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരെ സ്ഥിരപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിൽ വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന്റെ ഭാഗമായി 1-1-1997 മുതൽ 31-12-1997 വരെയുള്ള കാലയളവിൽ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സർവ്വീസിൽ തുടരാനനുവദിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 28-9-1998-ൽ ജി.ഒ.(പി) 32/98/ഉ.ഭ.പ.വ. ഉത്തരവും തുടർന്ന് 1-1-1998 മുതൽ 14-8-1998 വരെയുള്ള കാലയളവിൽ നിയമനം ലഭിച്ച വികലാംഗരെക്കൂടി സർവ്വീസിൽ തുടരാൻ അനുവദിച്ചുകൊണ്ട് 17-5-1999-ൽ ജി.ഒ.(പി) 10/99/ഉ.ഭ.പ.വ. ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 13-10-1999-ലെ ജി.ഒ.(പി) 18/99/ഉ.ഭ.പ.വ. ഉത്തരവിലൂടെ 1-1-1997 മുതൽ 14-8-1998 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താൽക്കാലിക നിയമനം ലഭിച്ച എല്ലാ വികലാംഗരേയും സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഹൈക്കോടതി സ്റ്റേ നിലവിൽ വന്ന സാഹചര്യത്തിൽ സ്ഥിരപ്പെടുത്തൽ ഉത്തരവ് നടപ്പിലാക്കാൻ കാലതാമസം നേരിട്ടു.

LIBRARY ARCHIVES Kerala Legislative Assembly